എൽ.ഡി.ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റ്

30 (30) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എൽ.ഡി.ക്ലാർക്കുമാരുടെ നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് ഏത് റാങ്ക് വരെയുള്ളവർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ എൽ.ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വകുപ്പുതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റിൽ നിന്ന് ഏതു റാങ്കുവരെയുള്ളവർക്ക് നിയമന ശുപാർശ നൽകി എന്ന വിവരം ചുവടെ ചേർക്കുന്നു.

ഓപ്പൺ കോമ്പറ്റീഷൻ	272
ഈഴവ	280
പട്ടികജാതി(സപ്ലിമെന്ററി)	17
പട്ടികവർഗ്ഗം(സപ്ലിമെന്ററി)	8
മുസ്ലീം	1,003
ലാറ്റിൻ കാത്തലിക്	386
ഒ.ബി.സി.	414
വിശ്വകർമ്മ	262
ധീവര	269
നാടാർ (സപ്ലിമെന്ററി)	2
ഒ.എക്സ്.	858

(ബി) ഏഴ്. ഏഴ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വകുപ്പുതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ്	ഒന്ന്
സാമൂഹ്യക്ഷേമ വകുപ്പ്	അഞ്ച്
നീതിന്യായ വകുപ്പ്	ഒന്ന്

(സി) സ്വീകരിച്ചിട്ടുണ്ട്.

നക്ഷത്രചിഹ്നമിടാത്ത 31-ാംനമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly